## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2293

18.03.2015-ൽ മറുപടിയ്ക്ക്

### കാക്കഞ്ചേരി കിൻഫ്രാ ഫുഡ്പാർക്കിൽ സ്വർണ്ണാഭരണ നിർമ്മാണ യൂണിറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ടി.എ. റഹീം. | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) മലപ്പുറം ജില്ലയിലെ കാക്കഞ്ചേരി കിൻഫ്രാ ഫുഡ്പാർക്കിൽ സ്വർണ്ണാ ഭരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റിന് സ്ഥലം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. |
| ബി) സ്വർണ്ണാഭരണ നിർമ്മാണ പ്ലാന്റിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ വഴിയുള്ള പരിസരമലിനീകരണം ഇല്ലാതാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ആയത് പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | ബി) പ്രസ്തുത നിർമ്മാണ ശാലയിൽ നിന്ന് ഉണ്ടാകാവുന്ന മാലിന്യങ്ങൾ വഴിയുള്ള പരിസര മലിനീകരണം ഇല്ലാതാക്കാൻ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് വ്യക്തമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പര്യാപ്തമാണ്. |
| സി) പ്ലാന്റിൽ നിന്നുള്ള ഖര-ദ്രാവക-വാതക മാലിന്യങ്ങൾ നിയന്ത്രിക്കാനുള്ള സംവിധാനം സംബന്ധിച്ച് വിശദമാക്കാമോ; | സി) പ്രസ്തുത സംരംഭകൻ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്രസ്തുത പ്ലാന്റിൽ നിന്നുണ്ടാകാവുന്ന ഖരമാലിന്യങ്ങൾ എറണാകുളത്തെ അമ്പലമേടിലുള്ള കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്ലാന്റിൽ സംസ്കരിക്കുവാനാണ് നിലവിലെ പദ്ധതി. ദ്രാവക മാലിന്യങ്ങൾ ട്രീറ്റ് ചെയ്ത് സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനാണ് കമ്പനിയുടെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം വിഭാവനം ചെയ്യുന്നത്. വാതക മാലിന്യങ്ങൾ സ്ക്രബ്ബർ ഉൾപ്പെടെയുള്ള സംവിധാനം ഫാക്ടറിയിൽ ഘടിപ്പിച്ച് ഇതുവഴിയുള്ള മാലിന്യം നിയന്ത്രിക്കണ മെന്നാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പാർക്കിൽ ഇതിനകം ആരംഭിച്ച മറ്റ് യൂണിറ്റുകൾ എതെല്ലാമാണ്; ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ എത്ര; | ഡി) | കിൻഫ്രയുടെ കാക്കഞ്ചേരിയിലുള്ള കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ നിലവിലുള്ള യൂണിറ്റിന്റെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. ഇവയിൽ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളുടെ എണ്ണം 15 ആണ്. |
| ഇ) | അവയുടെ പ്രവർത്തനത്തിനും അവിടങ്ങളിലെ ഉൽപ്പന്നങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതാണോ നിർദ്ദിഷ്ട സ്വർണ്ണാഭരണ നിർമ്മാണ യൂണിറ്റ് പദ്ധതി; വിശദമാക്കാമോ; | ഇ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഗ്രീൻ കാറ്റഗറി എന്ന ഗണത്തിലാണ് പ്രസ്തുത സ്വർണ്ണാഭരണ നിർമ്മാണ ശാലയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകുന്ന രീതിയിൽ ഉള്ള പ്രവർത്തനങ്ങൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുവദിക്കുകയില്ല. |
| എഫ്) | ഇത് സംബന്ധമായി ഉണ്ടായ പരാതികൾ ഏതൊക്കെയാണ്; അവയിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | എഫ്) | ഇത് സംബന്ധിച്ച് കാക്കഞ്ചേരി സംരക്ഷണ സമിതി എന്ന സംഘടനയും കിൻഫ്ര ഇൻഡസ്ട്രീസ് ചേമ്പർ കാക്കഞ്ചേരിയും കൂടാതെ എസ്സെൻ ഫുഡ്സ്റ്റീസ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും പരാതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ 10.6.2014-ന് ഒരു ഹിയറിംഗ് നടത്തിയിരുന്നു. പ്രസ്തുത ഹിയറിംഗിൽ പരാതിക്കാർ ഇതു സംബന്ധിച്ച് അവരുടെ ആശങ്കകളും പരാതികളും അറിയിച്ചിരുന്നു. ഇതേ തുടർന്ന് പദ്ധതിയുടെ ഘടന തന്നെ മാറ്റി അവയിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഹാനികരമെന്ന് വിലയിരുത്തപ്പെട്ട സാങ്കേതികപരമായ കാര്യങ്ങൾ ഒഴിവാക്കി പുതിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും പ്രസ്തുത സ്ഥാപനം പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത പദ്ധതിയെ ഗ്രീൻ കാറ്റഗറിയിൽ ഉൾപ്പെടുത്തി Consent to Establish എന്ന അപ്രൂവൽ നൽകുകയുണ്ടായി. |

| | | |
|---|---|---|
| ജി) | ഏത് തരം വ്യവസായങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടാണ് പ്രസ്തുത പാർക്ക് ആരംഭിച്ചിട്ടുണ്ടായിരുന്നത്; വിശദാംശം നൽകുമോ ? | ജി) കാക്കഞ്ചേരിയിലുള്ള കിൻഫ്ര സ്ഥാപിച്ച ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് താഴെ പറയുന്ന വ്യവസായ സംരംഭങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടാണ് ആരംഭിച്ചിട്ടുള്ളത്.<br>• ഭക്ഷ്യ സംസ്കരണ മേഖല<br>• ഭക്ഷ്യ സംസ്കരണ അനുബന്ധ മേഖല<br>• IT/IT അധിഷ്ഠിത, ഇലക്ട്രോണിക് ബി.പി.ഒ, എന്നിവക്കായുള്ള മേഖല<br>• പൊതുവായ മേഖല<br>• കാർഷിക അധിഷ്ഠിത ഉൽപ്പന്നങ്ങൾക്കായി പ്രത്യേക സാമ്പത്തിക മേഖല. |

സെക്ഷൻ ഓഫീസർ

ജില്ലാനിയമം - 1

# KINFRA TECHNO INDUSTRIAL PARK

**_UNITS IN THE NEO SPACE BUILDING_**

| SL. NO | NAME |
|---|---|
| 1 | ARION INFOTECH |
| 2 | BABIN TECHNOLOGY |
| 3 | BABIN TECHNOLOGY |
| 4 | BABIN TECHNOLOGY |
| 5 | BIGSHEN TECHNOLOGIES |
| 6 | BIJU E P, AXIS TECH |
| 7 | CYBROCYS |
| 8 | DELIGENZ |
| 9 | DIGIFOUR |
| 10 | DISTRICT PANCHAYATH |
| 11 | EMYSYS TECHN(ASPENSOFT) |
| 12 | EXPOSOFT |
| 13 | FURBANS |
| 14 | GEO INFO |
| 15 | INSTORE MASTERS (SHEEBA) |
| 16 | IPIX BPO - 1 |
| 17 | IPIX BPO - 2 |
| 18 | IPIX SOLUTIONS |
| 19 | IT MISSION |
| 20 | JAYARAJ, AXON COMMUNI |
| 21 | KELRONTECH |
| 22 | KEYWORD TECHNOLOGIES |
| 23 | LINSPIRE SOLUTIONS |
| 24 | LINSPIRE TECHNOLOGIES |
| 25 | MESHILOGIC |
| 26 | MY CARD SOLUTIONS |
| 27 | NIHAD |
| 28 | PACHILA |
| 29 | PIXEL |
| 30 | SWEANS |
| 31 | TABIA TECHNOLOGIES |

16-03-2015

# KINFRA TECHNO INDUSTRIAL PARK

**UNITS IN THE PARK CENTER**

| sl.no. | Allotted to |
|---|---|
| | |
| 1 | Kinetic Systems |
| 2 | BEAMS I T Solutions |
| 3 | Ogera Tech |
| **FIRST FLOOR** | |
| 4 | IDEGO International |
| 5 | Malabar Software |
| 6 | J & S IT Solutions, |
| 7 | Sukumaran |
| 8 | Shaji M |
| 9 | Terasollis Tech |
| 10 | Mebron Tech |
| 11 | Victorline |
| 12 | Adish Thekekara |
| 13 | Prajosh |
| **SECOND FLOOR** | |
| 14 | Petronet |
| 15 | Market Intl |
| 16 | Sysbreez |
| 17 | Anzian |
| 18 | Deline |
| 19 | Kraftsman Tech |
| | **TOTAL** |

16-03-2015

| Sl. No. | name of consumer |
|---|---|
| 1 | PARISONS FOODS PVT LTD-I (# 66) |
| 2 | MERRY TIME |
| 3 | RIME RICH FOODS PVT LTD |
| 4 | KUNJAMMA FOODS & CREAMS PVT LTD |
| 5 | FOSTER HOT BREADS PVT LTD |
| 6 | MID WEST FOODS |
| 7 | NATIONAL FOODS |
| 8 | ESSEN FOODIES (I) PVT LTD |
| 9 | COCHIN BAKERY |
| 10 | E K FOODS |
| 11 | FALCON FOODS |
| 12 | MEBRAN FOODS |
| 13 | VKS VERVE NECTAR |
| 14 | TWENTY TWENTY |
| 15 | VARGHESE BROS & CO. |

**NON FOOD INDUSTREIS**

| | |
|---|---|
| 1 | CENTRAL WAREHOUSING CORPORATION |
| 2 | TECHNO PACK |
| 3 | KINGLET PACKS LTD |
| 4 | POLYFLEX PACKAGING INDUSTRIES |
| 5 | GLISTER |
| 6 | DEENA PAX |
| 7 | SATYA SAI PACKAGING |
| 8 | CAWIN ELECTRIC INDIA |